# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2362 - 06/12/2018 -ലെ മറുപടിക്ക്

**പ്രളയക്കെടുതിയിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്കുള്ള വായ്പപദ്ധതി**

ചോദ്യം

ശ്രീ. വി. ഡി. സതീശൻ
ശ്രീ. വി.ടി.ബൽറാം
ശ്രീ. അനിൽ അക്കര
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയക്കെടുതിയിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വായ്പ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | പ്രളയം മൂലം കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുക, പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ട വീട്ടുപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി അർഹരായവർക്ക് ഒരു ലക്ഷം രൂപ വരെ ഈട് ഇല്ലാതെ വായ്പ നൽകുന്നതിലേക്കായി റീസർജന്റ് കേരള ലോൺ സ്കീം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ 9% പലിശ സബ്സിഡി ലഭ്യമാണ്. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ മുഖേന കുടുംബശ്രീയുടെ അയൽക്കൂട്ടം വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇതുവരെ 38441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി | കുടുംബശ്രീ വഴി നടപ്പിലാക്കുന്ന വായ്പാ പദ്ധതിയുമായി സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ സഹകരിക്കാത്ത സാഹചര്യമുണ്ടോ; | അത്തരമൊരു സാഹചര്യമില്ല എന്ന് SLBC റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി | ഉണ്ടെങ്കിൽ പ്രമുഖ ബാങ്കുകളെ കുടുംബശ്രീയുടെ വായ്പ സഹായ പദ്ധതിയുമായി സഹകരിപ്പിക്കാൻ | |

| | | |
|---|---|---|
| | ധനവകുപ്പ് ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | |
| ഡി | പ്രളയക്കെടുതിയിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴിയല്ലാതെ ഏതെങ്കിലും വായ്പ പദ്ധതി ലഭ്യമാക്കാൻ ധനവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | പ്രളയം മൂലം വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴി വായ്പ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയത് എസ്.എൽ.ബി.സി യുമായും വിവിധ ബാങ്കുകളുമായും ധനകാര്യ വകുപ്പ് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ്. |

സെക്ഷൻ ഓഫീസർ